കേരളത്തിലെ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് 12-ാം ധനകാര്യ കമ്മീഷന്റെ പഠനം

4 [4742] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് 12-ാം ധനകാര്യ കമ്മീഷന്റെ പഠനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ കമ്മീഷൻ മുമ്പാകെ ശക്തമായി അവതരിപ്പിച്ച് നേടിയെടുക്കാൻ കഴിയുമാറ് എന്ത് സംവിധാനമാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള കെടുകാര്യസ്ഥത 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ്, സംസ്ഥാനത്തിന് ദോഷകരമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നതിലേയ്ക്കായി 9-7-2003-ൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ശ്രീ. വി. രാമചന്ദ്രൻ ചെയർമാനായുള്ള മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

12-ാം ധനകാര്യ കമ്മീഷനിൽനിന്നും അയച്ച് തന്നിട്ടുള്ള സ്റ്റേറ്റുമെന്റുകൾക്കും ചോദ്യാവലികൾക്കുമുള്ള മറുപടി സമയബന്ധിതമായി നൽകുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ കൈക്കൊണ്ടിരിക്കുകയാണ്.

മുഖ്യമന്ത്രി 12-ാം ധനകാര്യ കമ്മീഷൻ ചെയർമാനെ അനൗപചാരികമായ സന്ദർശനത്തിന് ക്ഷണിക്കുകയും തുടർന്നുള്ള (17-7-2003-ൽ) സന്ദർശനവേളയിൽ അദ്ദേഹത്തോട് സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യങ്ങളെക്കുറിച്ചുള്ള ചർച്ച നടത്തുകയുമുണ്ടായി.

ഈ വർഷാവസാനം ധനകാര്യകമ്മീഷൻ ചർച്ചകൾക്കായി കേരളം സന്ദർശിക്കുമ്പോൾ കേരളത്തിന്റെ താല്പര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിലേയ്ക്കായി സാമ്പത്തിക വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സർക്കാർ ആരാഞ്ഞു വരികയാണ്.

(സി) പദ്ധതി നടത്തിപ്പിൽ കെടുകാര്യസ്ഥത ഉണ്ടായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം

5 [4743] ഡോ. തോമസ് ഐസക്ക്:
ശ്രീ. പി. സി. ജോർജ്ജ്:
,, ടി. കെ. ബാലൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം സംബന്ധിച്ച് സംസ്ഥാന വികസന കൗൺസിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പണം തിരിച്ചുപിടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ഇറക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ എത്ര കോടി രൂപ തിരിച്ചുലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ പി.ഡി. അക്കൗണ്ടുകൾ നിർത്തലാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ധനവിനിയോഗം സംബന്ധിച്ച് ചർച്ച നടത്തിയെങ്കിലും തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിക്കുന്നതു സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 9-7-2003-ൽ ജി.ഒ.(പി) 381/2003/ഫിൻ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി. അക്കൗണ്ടുകൾ 30-6-2003 വച്ച് ക്ലോസ് ചെയ്ത് പകരം സെക്രട്ടറിയുടെ പേരിൽ പുതിയ ഒരു പി.ഡി. അക്കൗണ്ട് തുടങ്ങുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ചട്ടം 282 (5) (b) പ്രകാരം പി. ഡി. അക്കൗണ്ടുകൾ അതാതു വർഷം മാർച്ച് 31-ന് ക്ലോസ് ചെയ്യേണ്ടതാണ്. എങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാർച്ച് 31-ന് അക്കൗണ്ട് ക്ലോസ് ചെയ്യാതെയും ട്രഷറി കണക്കുമായി റിക്കൺസിലിയേഷൻ നടത്താതെ പദ്ധതി നടത്തിപ്പിനു വേണ്ടി നൽകപ്പെട്ട കോടി കണക്കിനു രൂപ ചെലവഴിക്കാതെയും സൂക്ഷിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിനേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക അച്ചടക്കത്തേയും പ്രതികൂലമായി ബാധിക്കുന്നതായും പദ്ധതി നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി കാണിക്കാതെയും ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനാണ് ഉത്തരവു നൽകിയിട്ടുള്ളത്.

(ഡി) 9-7-2003-ലെ സർക്കാർ ഉത്തരവിൽ നിലവിലുണ്ടായിരുന്ന പ്ലാൻ പി. ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്തതിനുപകരം പുതിയ ഒരു പി. ഡി. അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ തുടങ്ങാൻ വ്യവസ്ഥയുണ്ട്. 2003 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള 4 മാസത്തെ വിഹിതം ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly